LIBRARY ARCHIVES Kerala Legislative Assembly.

വാമനപുരം ജലസേചന പദ്ധതി

65 [222] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം ജലസേചന പദ്ധതി ഉപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതി എന്നാണ് ആരംഭിച്ചത്; ഇതുവരെ എത്ര രൂപ ചെലവായി; വിശദമാക്കുമോ;

(ഡി) ഈ പദ്ധതി മൂലം ഇതുവരെ എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായി എന്നും വ്യക്തമാക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) 1981-ൽ. 2003 ഡിസംബർ മാസം വരെ 17.70 കോടി രൂപ ചെലവായിട്ടുണ്ട്. ഇതിൽ 13.20 കോടി രൂപ ശമ്പളം ഇനത്തിലും 4.50 കോടി രൂപ മരാമത്ത് പണികൾക്കും സ്ഥലമെടുപ്പിനുമായി ചെലവായിട്ടുണ്ട്.

(ഡി) പദ്ധതി പരിഗണനയിലുള്ളതിനാൽ നഷ്ടം ഉണ്ടായതായി കണക്കാക്കാൻ നിവൃത്തിയില്ല.

കുണ്ടറ ശുദ്ധജല വിതരണ പദ്ധതിയുടെ നിയന്ത്രണം കൊല്ലം ഡിവിഷനിലാക്കുന്നത് സംബന്ധിച്ച്

66 [223] ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുണ്ടറ ശുദ്ധജലവിതരണ പദ്ധതിയുടെ നിയന്ത്രണം അടൂർ ഡിവിഷനിൽ നിന്നും കൊല്ലം ഡിവിഷനിലേക്ക് മാറ്റുന്നത് സംബന്ധിച്ച 26-12-2002-ലെ ഉന്നതതല യോഗനിർദ്ദേശം നടപ്പാക്കുകയുണ്ടായോ എന്ന് വെളിപ്പെടുത്തുമോ;

(ബി) കൊല്ലം ജില്ലയിലെ കൊട്ടാരക്കര, നെടുവത്തൂർ, കുണ്ടറ നിയോജക മണ്ഡലങ്ങൾക്ക് പ്രയോജനം ലഭിക്കേണ്ട കുണ്ടറ ശുദ്ധജല വിതരണ പദ്ധതിയുടെ നിയന്ത്രണം ജില്ലയ്ക്ക് പുറത്തുള്ള അടൂർ ഡിവിഷനിൽ നിന്ന് കൊല്ലം ഡിവിഷനിലേക്ക് മാറ്റണമെന്ന് ജനപ്രതിനിധികൾ 26-12-2002-ലെ യോഗത്തിൽ ഉന്നയിച്ച കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;